**മധുരമായ കുട്ടികളെ– ഇത് നിങ്ങൾ ബ്രാഹ്മണരുടെ പുതിയ വൃക്ഷമാണ്, ഇതിന്റെ വളർച്ചയും നടക്കണം ഒപ്പം സംരക്ഷണവും ചെയ്യണം എന്തുകൊണ്ടെന്നാൽ പുതിയ തൈകളെ പക്ഷികൾ തിന്നുകളയും.**

**ചോദ്യം–** ബ്രാഹ്മണവൃക്ഷത്തിൽ വിരിഞ്ഞ ഇലകൾ വാടുന്നത് എന്തുകൊണ്ടാണ്? കാരണവും നിവാരണവും എന്താണ്?
**ഉത്തരം–** ബാബ ജ്ഞാനത്തിലൂടെ കേൾപ്പിക്കുന്ന അത്ഭുതകരമായ രഹസ്യങ്ങളെ മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ സംശയം ഉണ്ടാകുന്നു അതിനാൽ പുതിയ പുതിയ ഇലകൾ വാടുന്നു പിന്നീട് പഠിപ്പ് ഉപേക്ഷിക്കുന്നു. ഇതിൽ മനസ്സിലാക്കിക്കൊടുക്കുന്ന കുട്ടികൾ വളരെ സമർത്ഥരായിരിക്കണം. അഥവാ എന്തെങ്കിലും സംശയം ഉണ്ടാവുകയാണെങ്കിൽ മുതിർന്നവരോട് ചോദിക്കണം. ഉത്തരം ലഭിച്ചില്ലെങ്കിൽ ബാബയോടും ചോദിക്കാൻ സാധിക്കും.

**ഗീതം–** പ്രിയതമാ വന്നു കാണൂ..........

**ഓംശാന്തി.** ഗീതം കുട്ടികൾ അനേകം തവണ കേട്ടിട്ടുണ്ട്, ദുഃഖത്തിൽ എല്ലാവരും ഭഗവാനെ വിളിക്കുന്നു. ആ ഭഗവാൻ നിങ്ങളുടെയടുത്ത് ഇരിക്കുകയാണ്. നിങ്ങളെ സർവ്വ ദുഃഖങ്ങളിൽ നിന്നും മുക്തമാക്കുകയാണ്. നിങ്ങൾക്ക് അറിയാം ദുഃഖധാമത്തിൽ നിന്നും സുഖധാമത്തിലേയ്ക്ക് കൊണ്ടുപോകുന്ന സുഖധാമത്തിന്റെ അധികാരിയാണ് പറയുന്നത്. ഭഗവാൻ വന്നിരിക്കുകയാണ്, നിങ്ങളുടെ സന്മുഖത്ത് ഇരിക്കുന്നുണ്ട് എന്നിട്ട് രാജയോഗം പഠിപ്പിച്ചുതരുകയാണ്. ഇത് ഏതെങ്കിലും ഒരു മനുഷ്യന്റെ ജോലിയല്ല. നിങ്ങൾ പറയും പരമപിതാ പരമാത്മാവ് ഞങ്ങളെ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നതിനുവേണ്ടി രാജയോഗം പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യന്, മനുഷ്യനെ ദേവതയാക്കി മാറ്റാൻ സാധിക്കില്ല. മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റി യുദ്ധമൊന്നുമില്ലാതെ...........ഇത് ആരുടെ മഹിമയാണ്? ബാബയുടേത്. ദേവതകൾ സത്യയുഗത്തിലാണുണ്ടാവുക. ഈ സമയത്ത് ദേവതകളേയില്ല. അതിനാൽ തീർച്ചയായും സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നയാൾ തന്നെയായിരിക്കും മനുഷ്യനെ ദേവതയാക്കി മാറ്റുക. പരമപിതാ പരമാത്മാവിനെ ശിവനെന്നു വിളിക്കുന്നു, പരമാത്മാവിന് പതിതരെ പാവനമാക്കി മാറ്റാൻ ഇവിടേയ്ക്ക് വരേണ്ടി വരുന്നു. ഇപ്പോൾ പരമാത്മാവ് എങ്ങനെയാണ് വരുക? പതിതലോകത്തിൽ കൃഷ്ണന്റെ ശരീരവും ലഭിക്കില്ല. മനുഷ്യർ ആശയക്കുഴപ്പത്തിലാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ സന്മുഖത്ത് കേട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ഈ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും അറിയാം. ചരിത്രത്തിന്റെ കൂടെ ഭൂമിശാസ്ത്രവുമുണ്ടാകും പിന്നെ ചരിത്രവും ഭൂമിശാസ്ത്രവും മനുഷ്യസൃഷ്ടിയിലാണ് ഉണ്ടാകുന്നത്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്റെയോ സൂക്ഷ്മവതനത്തിന്റെയോ ചരിത്രവും ഭൂമിശാസ്ത്രവും എന്ന് ഒരിയ്ക്കലും പറയില്ല. അത് സൂക്ഷ്മവതനമാണ്. അവിടെ ചലനം മാത്രമാണ്. ശബ്ദം ഇവിടെയാണുള്ളത്. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് മുഴുവൻ വിശ്വത്തിന്റേയും ചരിത്രവും ഭൂമിശാസ്ത്രവും മൂലവതനത്തിലെ വാർത്തകളും കേൾപ്പിക്കുന്നു, ഇതിനെത്തന്നെയാണ് മൂന്നുലോകങ്ങൾ എന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരുടെ പുതിയ വൃക്ഷം നട്ടിരിക്കുകയാണ്. ഇതിനെ വൃക്ഷം എന്നാണ് പറയുന്നത്. ബാക്കിയുള്ള മഠങ്ങളെയോ സംഘടനകളേയോ വൃക്ഷം എന്നു പറയില്ല. ക്രിസ്ത്യൻസുണ്ട് അവർക്ക് അറിയാം ക്രിസ്ത്യൻസിന്റെ വൃക്ഷം വേറിട്ടതാണ് പക്ഷേ എല്ലാ കൊമ്പും ചില്ലയും ഈ വലിയ വൃക്ഷത്തിൽ നിന്നാണ് ഉണ്ടാകുന്നത് എന്നത് അവർക്ക് അറിയില്ല. മനുഷ്യസൃഷ്ടി എങ്ങനെയാണ് ഉണ്ടായത് എന്ന് മനസ്സിലാക്കിക്കൊടുക്കണം. മാതാ–പിതാ പിന്നെ ബാലകർ.......... അതും ഒരുമിച്ച് ഉണ്ടാകില്ല. രണ്ടിൽ നിന്ന് നാല്, അഞ്ച് ഇലയുണ്ടാകും അതിൽ ചിലതിനെ പക്ഷി തിന്നുകയും ചെയ്യും. ഇവിടെയും പക്ഷി തിന്നുന്നു. ഇത് വളരെ ചെറിയ വൃക്ഷമാണ്. എങ്ങനെയാണോ മുമ്പ് സംഭവിച്ചത് അതുപോലെ പതുക്കെ പതുക്കെ അഭിവൃദ്ധിപ്പെടും. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ എത്ര ജ്ഞാനമാണ്. നിങ്ങൾ ത്രികാലദർശികളാണ് മൂന്നുകാലങ്ങളേയും അറിയുന്നവരാണ്, ത്രിലോകങ്ങളുടേയും നാഥനാണ് അർത്ഥം മൂന്നുലോകങ്ങളേയും അറിയുന്നവരാണ്. ലക്ഷ്മീ നാരായണനെ ത്രികാലദർശി ത്രിലോകീ നാഥൻ എന്നു പറയാൻ കഴിയില്ല. മനുഷ്യർ പിന്നീട് കൃഷ്ണനെ ത്രിലോകങ്ങളുടേയും നാഥൻ എന്നു പറയുന്നു. ആരാണോ സേവനം ചെയ്യുന്നത് അവർക്ക് പ്രജകളുണ്ടാകും. നിങ്ങൾക്ക് അവകാശികളേയും ഉണ്ടാക്കണം, പ്രജകളേയും ഉണ്ടാക്കണം. അതിനാൽ ഇത് ബുദ്ധിയിൽ ഉണ്ടായിരിക്കണം– നമ്മൾ ത്രിലോകങ്ങളുടേയും നാഥനാണ്. ഈ കാര്യങ്ങൾ വളരെ അത്ഭുതകരമാണ്. കുട്ടികൾക്ക് പൂർണ്ണ രീതിയിൽ മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിൽ നിർമ്മാണത്തിനു പകരം നശിപ്പിക്കുകയാണ് ചെയ്യുക. പുതിയതായി വിരിഞ്ഞ ഇലകൾ വാടുന്നു

പിന്നീട് പഠിപ്പ് ഉപേക്ഷിക്കുന്നു. നമ്മൾ പറയും കല്പം മുമ്പും ഇങ്ങനെ സംഭവിച്ചിരുന്നു, കഴിഞ്ഞത് കഴിഞ്ഞു. ഇപ്പോൾ നിങ്ങൾ മുഴുവൻ സൃഷ്ടിയുടേയും ആദി മദ്ധ്യ അന്ത്യത്തെ അറിഞ്ഞുകഴിഞ്ഞു, ചരിത്രവും ഭൂമിശാസ്ത്രവും അറിയുന്നു. ബാക്കിയുള്ള മനുഷ്യർ ഒരുപാടു കാര്യങ്ങൾ പറയുന്നുണ്ട്, എന്തെല്ലാമാണ് എഴുതുന്നത്, എങ്ങനെയെല്ലാം നാടകങ്ങൾ ഉണ്ടാക്കുന്നു!

ഭാരതത്തിൽ ഒരുപാടുപേരെ അവതാരങ്ങളാണെന്ന് കരുതുന്നു. ഭാരതം തന്നെയാണ് തന്റെ തോണിയെ നരകത്തിലെത്തിച്ചത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മുഖ്യമായി ഭാരതത്തെയും പൊതുവേ മുഴുവൻ വിശ്വത്തെയും രക്ഷിക്കുന്നു. ഈ ലോകത്തിന്റെ ചക്രം കറങ്ങിക്കൊണ്ടിരിക്കും, നമ്മൾ മുകളിലാകുമ്പോൾ നരകം താഴെയാകും. സൂര്യാസ്തമയത്തിൽ സൂര്യൻ സമുദ്രത്തിനുള്ളിലേയ്ക്കുപോയി എന്നു പറയാറില്ലേ അതുപോലെ. പക്ഷേ യഥാർത്ഥത്തിൽ പോകുന്നില്ലല്ലോ. ദ്വാരക മുങ്ങിപ്പോയെന്ന് കരുതുന്നു. മനുഷ്യരുടെ ബുദ്ധിയും അത്ഭുതമല്ലേ. ഇപ്പോൾ നിങ്ങൾ എത്ര ശ്രേഷ്ഠമായി മാറുന്നു. എത്ര സന്തോഷമുണ്ടാകണം. ദുഃഖത്തിന്റെ സമയത്ത് നിങ്ങൾക്ക് ലോട്ടറി ലഭിക്കുകയാണ്. ദേവതകൾക്കാണെങ്കിൽ ലഭിച്ചു കഴിഞ്ഞു. ഇവിടെ നിങ്ങൾക്ക് ദുഃഖത്തിൽ നിന്നും അളവില്ലാത്ത സുഖം ലഭിക്കുന്നു. എത്ര സന്തോഷമുണ്ടാകുന്നു, ഭാവിയിലെ 21 ജന്മങ്ങളിലേയ്ക്ക് നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയാവും.

മനുഷ്യർ പറയുന്നു ഗീതയുടെ ജ്ഞാനം സത്സംഗമാണ്. സായി ബാബ പോലുള്ളവരുടെ എത്ര സത്സംഗങ്ങളുണ്ട്. വളരെയധികം കച്ചവടമാണ്. ഈയൊരു കട മാത്രമാണ് ബ്രഹ്മാകുമാരീസിന്റേത്. ജഗദംബ ബ്രഹ്മാമുഖവംശാവലിയാണ്. സരസ്വതി ബ്രഹ്മാവിന്റെ പുത്രി പ്രശസ്തമാണ്. നിങ്ങൾക്ക് അറിയാം മാതാപിതാവിൽ നിന്ന് നമുക്ക് അളവില്ലാത്ത സുഖം ലഭിച്ചിരുന്നു. ഇപ്പോൾ അതേ മാതാപിതാവിനെ ലഭിച്ചിരിക്കുന്നു. സുഖം വളരെ അധികം നൽകുകയാണ്. ശരി, മാതാപിതാക്കൾക്ക് ജന്മം നൽകിയത് ആരാണ്? ശിവബാബ. നമുക്ക് ശിവബാബയിൽ നിന്നാണ് രത്നം ലഭിക്കുന്നത്. നിങ്ങൾ പേരക്കുട്ടികളായി മാറി. നമ്മൾ ഇപ്പോൾ മാതാപിതാവായ ബ്രഹ്മാ സരസ്വതിയിലൂടെ പരിധിയില്ലാത്ത അച്ഛനിൽ നിന്നും അളവില്ലാത്ത സുഖം നേടുകയാണ്. നൽകുന്നത് ബാബയാണ്. എത്ര സഹജമായ കാര്യമാണ്. പിന്നീട് മനസ്സിലാക്കിക്കൊടുക്കണം ഞങ്ങൾ ഈ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുകയാണ്. പിന്നീട് പോയി അളവറ്റ സുഖം നേടും. നമ്മൾ ഭാരതത്തിന്റെ സേവകരാണ്. ശരീരം, മനസ്സ്, ധനത്തിലൂടെ നമ്മൾ സേവനം ചെയ്യുന്നു. ഗാന്ധിജിയേയും സഹായിച്ചിരുന്നല്ലോ. യാദവർ, കൗരവർ പിന്നെ പാണ്ഢവർ ഇവർ എന്താണ് ചെയ്തിരുന്നത് എന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. പരമപിതാ പരമാത്മാവ് പാണ്ഢവരുടെ കൂടെയുണ്ടായിരുന്നു. വിനാശകാലത്ത് പാണ്ഢവർ പ്രീതബുദ്ധിയുള്ളവരായിരുന്നു എന്നാൽ കൗരവരുടേയും യാദവരുടേയും ബുദ്ധി വിനാശകാലത്ത് വിപരീതമായിരുന്നു. അവർ പരമപിതാ പരമാത്മാവിനെ മാനിക്കുന്നില്ല. കല്ലിലും മുള്ളിലും ആരോപിക്കുന്നു. നിങ്ങൾക്കാണെങ്കിൽ പരമാത്മാവിനോടല്ലാതെ മറ്റാരോടും പ്രീതിയില്ല. അതിനാൽ വളരെ ഹർഷിതമായിരിക്കണം. നഖം മുതൽ മുടി വരെ സന്തോഷം ഉണ്ടാകണം. കുട്ടികൾ ഒരുപാടുണ്ടല്ലോ. നിങ്ങൾ മാതാപിതാവിലൂടെ കേൾക്കുമ്പോൾ സന്തോഷിക്കുന്നു. മുഴുവൻ വിശ്വത്തിലും നമ്മളെപ്പോലെ സൗഭാഗ്യശാലിയായി മറ്റാരുമുണ്ടാകില്ല! നമ്മുടെ ഇടയിലും ചിലർ കോടിമടങ്ങ് ഭാഗ്യശാലി, ചിലർ സൗഭാഗ്യശാലി, ചിലർ ഭാഗ്യശാലി, എന്നാൽ ചിലർ ദുർഭാഗ്യശാലിയുമാണ്. ആരാണോ ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഉപേക്ഷിച്ച് പോകുന്നത് അവരെയാണ് മഹാ ദുർഭാഗ്യശാലി എന്നു പറയുന്നത്. എന്തെങ്കിലും കാരണത്താൽ അച്ഛനെ ഉപേക്ഷിച്ച് പോകുന്നു. അച്ഛനാണെങ്കിൽ വളരെ മധുരമാണ്. ഉപേക്ഷിച്ച് പോകരുതേ എന്നു ചിന്തിച്ച് പഠിപ്പിക്കുന്നു. നിങ്ങൾ വികാരങ്ങളിലേയ്ക്ക് പോയി കുലത്തിന്റെ പേരിനെ മോശമാക്കുന്നു എന്ന് മനസ്സിലാക്കിത്തരുന്നു. അഥവാ പേര് മോശമാക്കിയാൽ വളരെ അധികം ശിക്ഷ അനുഭവിക്കേണ്ടി വരും. അവരെയാണ് പറയുന്നത് സദ്ഗുരുവിന്റെ നിന്ദകർ..............അവർ പിന്നീട് അതിനെ തന്റെ ലൗകിക ഗുരുവിനെക്കുറിച്ചുള്ളതാക്കി മാറ്റി. അബലകളെ പുരുഷന്മാർ ഭയപ്പെടുത്തുന്നു. അമരനാഥനായ ബാബ ഇപ്പോൾ നിങ്ങൾക്ക് അമരകഥ കേൾപ്പിക്കുന്നു. ബാബ പറയുന്നു ഞാൻ ടീച്ചറും സേവകനുമാണല്ലോ. ടീച്ചറുടെ കാല് കഴുകി വെള്ളം കുടിക്കുമോ? അധികാരികളാവാൻ പോകുന്ന കുട്ടികളെക്കൊണ്ട് ഞാൻ കാല് പിടിപ്പിക്കണോ? ഇല്ല. നിരാകാരൻ, നിരഹങ്കാരി എന്നാണ് പാടുന്നത്. ബ്രഹ്മാബാബയും എന്റെ സംഗത്തിലൂടെ നിരഹങ്കാരിയായി മാറി.

അബലകൾക്കുമേൽ അത്യാചാരം നടന്നതായും പാടിയിട്ടുണ്ട്. കല്പം മുമ്പും അത്യാചാരം ഉണ്ടായിരുന്നു. രക്തത്തിന്റെ നദികൾ ഒഴുകും, പാപത്തിന്റെ കുടങ്ങൾ നിറയും. ഇപ്പോൾ നിങ്ങൾ യോഗബലത്തിലൂടെ പരിധിയില്ലാത്ത ചക്രവർത്തീപദം നേടുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ ബാബയിൽ നിന്നും അചഞ്ചലവും ദൃഢവുമായ ചക്രവർത്തീപദമാണ് നേടുന്നത്. നമ്മൾ സൂര്യവംശിയായി മാറും. ങാ, ഇതിൽ ധൈര്യവും വേണം. എന്നിൽ ഒരു വികാരവും ഇല്ലല്ലോ എന്ന് മുഖം നോക്കിക്കൊണ്ടേയിരിക്കൂ. എന്തെ

ങ്കിലും കാര്യം മനസ്സിലായില്ലെങ്കിൽ മുതിർന്നവരോട് ചോദിക്കു, തന്റെ സംശയത്തെ ദൂരീകരിക്കു. അഥവാ ബ്രാഹ്മണിയ്ക്ക് സംശയം മാറ്റിത്തരാൻ സാധിച്ചില്ലെങ്കിൽ ബാബയോട് ചോദിക്കു. ഇപ്പോൾ നിങ്ങൾ കുട്ടികൾ വളരെയേറെ കാര്യങ്ങൾ മനസ്സിലാക്കാനുണ്ട്. ഏതുവരെ ജീവിച്ചിരിക്കുന്നുവോ അതുവരെ ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കും. പറയൂ, ഇപ്പോൾ ഞങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്, ബാബയോട് ഞങ്ങൾ ചോദിക്കാം അല്ലെങ്കിൽ ഇതുവരെ ബാബ ഈ കാര്യങ്ങൾ മനസ്സിലാക്കിത്തന്നിട്ടില്ല എന്ന് പറയൂ. മുന്നോട്ട് പോകവേ മനസ്സിലാക്കിത്തരും, അതിനുശേഷം ചോദിക്കൂ. കൂടുതൽ പോയിന്റ്സ് വന്നുകൊണ്ടിരിക്കും. ചിലർ ചോദിക്കും യുദ്ധത്തിൽ എന്തുസംഭവിക്കും? ബാബ ത്രികാലദർശിയാണ് മനസ്സിലാക്കിത്തരാൻ സാധിക്കും, പക്ഷേ ബാബ ഇതുവരെ പറഞ്ഞുതന്നിട്ടില്ല. ആവശ്യം നമ്മുടേതും സമ്മതം ബാബയുടേതുമാണ്. സ്വയം അവിടെനിന്നും ഒഴിഞ്ഞുമാറണം.

ബാബ ഗാർഡനിൽ വച്ച് കുട്ടികളോട് ചോദ്യം ചോദിച്ചിരുന്നു, ബാബ ജ്ഞാനസാഗരനായതിനാൽ തീർച്ചയായും ബാബ ജ്ഞാനഡാൻസ് ചെയ്യുന്നുണ്ടാകുമോ എന്ന് . ശരി, എപ്പോഴാണോ ഭക്തിമാർഗ്ഗത്തിൽ ശിവബാബ എല്ലാവരുടേയും മനോകാമനകൾ പൂർത്തീകരിക്കുന്ന പാർട്ട് അഭിനയിക്കുന്നത് ആ സമയത്ത് എനിക്ക് സംഗമത്തിൽ ഭാരതത്തിൽ ചെന്ന് കുട്ടികളെ രാജയോഗം പഠിപ്പിക്കണം, സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റണം എന്നെല്ലാം സങ്കല്പങ്ങൾ ഉണ്ടാകുമോ? ഈ സങ്കല്പങ്ങൾ വരുമോ അതോ എപ്പോഴാണോ വരേണ്ട സമയമാകുന്നത് അപ്പോൾ സങ്കല്പം ഉണരുമോ?

സങ്കല്പം ഉണ്ടാകില്ല എന്നാണ് വിചാരിക്കുന്നത്. ബാബയിൽ ജ്ഞാനമുണ്ട് എന്നത് ശരി തന്നെ, പക്ഷേ എപ്പോഴാണോ വരേണ്ട സമയമാകുന്നത് അപ്പോഴേ പ്രത്യക്ഷമാകു. അതുപോലെ നമ്മളിലും 84 ജന്മങ്ങളുടെ പാർട്ട് ഉണ്ടല്ലോ. ഭഗവാന് പുതിയ സൃഷ്ടിയുടെ രചന നടത്തുന്നതിനുള്ള സങ്കല്പം ഉണർന്നു എന്ന് പാടിയിട്ടുണ്ട്, എപ്പോഴാണോ സമയമാകുന്നത് അപ്പോൾ സങ്കല്പമുണ്ടാകും. ബാബയും ഡ്രാമയിൽ ബന്ധിതനാണ്. ഇത് വളരെ ഗുഹ്യമായ കാര്യങ്ങളാണ്. ശരി!

മധുര മധുരമായ കളഞ്ഞുപോയി തിരികെക്കിട്ടിയ ഓമന മക്കൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പ്രഭാത വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

## രാത്രി ക്ലാസ് 13.1.69

കുട്ടികൾ ഇവിടെ വന്ന് ഇരിക്കുമ്പോൾ അച്ഛൻ ചോദിക്കുന്നു കുട്ടികളേ ശിവബാബയെ ഓർമ്മയുണ്ടോ? വിശ്വത്തിന്റെ ചക്രവർത്തീ പദവി ഓർമ്മിക്കുന്നുണ്ടോ? പരിധിയില്ലാത്ത അച്ഛന്റെ പേര് ശിവനാണ്. പിന്നീട് ഭാഷകളുടെ കാരണത്താൽ അനേകം ഭിന്ന ഭിന്ന നാമങ്ങൾ വെച്ചിരിക്കുന്നു. അതുപോലയാണ് ബോംബെയിൽ ബബൂൽനാഥ് എന്ന് വിളിക്കുന്നത് എന്തുകൊണ്ടെന്നാൽ ബാബ മുള്ളുകളെ പൂക്കളാക്കി മാറ്റുന്നു. സത്യയുഗത്തിൽ പുഷ്പങ്ങളാണ്, ഇവിടെ എല്ലാവരും മുള്ളുകളാണ്. അതിനാൽ അച്ഛൻ ചോദിക്കുകയാണ് പരിധിയില്ലാത്ത അച്ഛന്റെ ഓർമ്മയിൽ എത്ര സമയം ഇരിക്കുന്നുണ്ട്? അവരുടെ പേര് ശിവൻ, കല്ല്യാണകാരി എന്നാണ്. നിങ്ങൾ എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും. സത്യയുഗത്തിൽ പാപം ഉണ്ടാവുകയേയില്ല. അത് പുണ്യാത്മാക്കളുടെ ലോകമാണ്, ഇത് പാപാത്മാക്കളുടെ ലോകമാണ്. പാപം ചെയ്യുന്നത് 5 വികാരങ്ങളാണ്. സത്യയുഗത്തിൽ രാവണൻ ഉണ്ടാകില്ല. ഇത് മുഴുവൻ ലോകത്തിന്റേയും ശത്രുവാണ്. ഈ സമയത്ത് മുഴുവൻ ലോകത്തിലും രാവണന്റെ ഭരണമാണ്. എല്ലാവരും ദുഃഖികളാണ് തമോപ്രധാനമാണ് അതുകൊണ്ടാണ് പറയുന്നത് കുട്ടികളേ എന്നെമാത്രം ഓർമ്മിക്കു. ഇത് ഗീതയിലെ വാക്കുകളാണ്. അച്ഛൻ സ്വയം പറയുന്നു ദേഹ സഹിതം സർവ്വ സംബന്ധങ്ങളേയും ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കു. ആദ്യമാദ്യം നിങ്ങൾ സുഖത്തിന്റെ സംബന്ധത്തിലായിരുന്നു, പിന്നീടാണ് രാവണന്റെ ബന്ധനത്തിൽ വന്നത്. ഇനി വീണ്ടും സുഖത്തിന്റെ സംബന്ധത്തിലേയ്ക്ക് വരണം. സ്വയം ആത്മാവാണെന്നു മനസ്സിലാക്കു എന്നിട്ട് അച്ഛനെ ഓർമ്മിക്കു– ഈ പഠിപ്പ് അച്ഛൻ സംഗമയുഗത്തിൽ മാത്രമാണ് നൽകുന്നത്. ബാബ സ്വയം പറയുന്നു ഞാൻ പരമധാമ നിവാസിയാണ്, നിങ്ങൾക്ക് മനസ്സിലാക്കിത്തരാൻ വേണ്ടി ഈ ശരീരത്തിൽ പ്രവേശിച്ചിരിക്കുകയാണ്. ബാബ പറയുന്നു പവിത്രമായി മാറാതെ നിങ്ങൾക്ക് എന്റെ അടുത്തേയ്ക്ക് വരാൻ സാധിക്കില്ല. ഇപ്പോൾ എങ്ങനെ പാവനമായി മാറും? എന്നെ ഓർമ്മിക്കുക മാത്രം ചെയ്യു. ഭക്തിമാർഗ്ഗത്തിലും എന്റെ മാത്രം പൂജ ചെയ്തപ്പോൾ അതിനെ അവ്യഭിചാരി പൂജ എന്നു വിളിച്ചിരുന്നു. ഞാൻ ഇപ്പോൾ പതിതപാവനനാണ്. അതിനാൽ നിങ്ങൾ എന്നെ ഓർമ്മിച്ചാൽ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും. 63 ജന്മങ്ങളിലെ പാപമുണ്ട്. സന്യാസിയ്ക്ക് ഒരിയ്ക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല, അത് അച്ഛനെ

പഠിപ്പിക്കാൻ പറ്റൂ. വാസ്തവത്തിൽ ഈ ശാസ്ത്രങ്ങളും ഭക്തിയുമെല്ലാം പ്രവൃത്തി മാർഗ്ഗത്തിലുള്ളവർക്കു വേണ്ടിയാണ്. സന്യാസിമാരാണെങ്കിൽ കാട്ടിൽ പോയിരിക്കും എന്നിട്ട് ബ്രഹ്മത്തെ ഓർമ്മിക്കും. ഇപ്പോൾ അച്ഛൻ പറയുന്നു- സർവ്വരുടേയും സദ്ഗതി ദാതാവ് ഞാൻ തന്നെയാണ്. അതിനാൽ നിങ്ങൾ ഓർമ്മിക്കുകയാണെങ്കിൽ ഇതുപോലായി (ലക്ഷ്മീ-നാരായണൻ) മാറും. പ്രഥമ ലക്ഷ്യം മുന്നിലുണ്ട്. എത്രത്തോളം പഠിക്കുന്നുവോ പഠിപ്പിക്കുന്നുവോ അത്രയും ഉയർന്ന പദവി ദൈവീക രാജധാനിയിൽ ലഭിക്കും. അല്ലാഹു ഒരേ ഒരു ബാബയാണ്. രചനയിൽ നിന്നും രചനയ്ക്ക് സമ്പത്ത് ലഭിക്കുകയില്ല. ഇത് പരിധിയില്ലാത്ത അച്ഛനാണ് അതിനാൽ തരുന്നതും പരിധിയില്ലാത്ത സമ്പത്താണ്. നിങ്ങൾ സ്വർഗ്ഗത്തിൽ സദ്ഗതിയിലായിരിക്കും. ബാക്കിയെല്ലാ ആത്മാക്കളും തിരിച്ച് വീട്ടിലേയ്ക്ക് പോകും. മുക്തി- ജീവന്മുക്തി അതുപോലെ ഗതി- സദ്ഗതി ഈ പദങ്ങളെല്ലാം ശാന്തീധാമം- സുഖധാമത്തെ കുറിക്കുന്നു. അച്ഛന്റെ ഓർമ്മയെക്കൂടാതെ വീട്ടിലേയ്ക്ക് പോകാൻ സാധിക്കില്ല. ആത്മാവിന് തീർച്ചയായും പവിത്രമായി മാറണം. ഇവിടെ എല്ലാവരും നാസ്തികരാണ്. അച്ഛനെ അറിയില്ല. നിങ്ങൾ ഇപ്പോൾ ആസ്തികരായി മാറുന്നു. വിനാശകാലത്ത് വിപരീത ബുദ്ധി വിനാശം വരുത്തും എന്ന് പാട്ടുമുണ്ട്. ബാബ എത്ര സഹജമാക്കിയാണ് പറഞ്ഞു തരുന്നത്, പക്ഷേ മായാരാവണൻ മറപ്പിക്കുന്നു. ഇപ്പോൾ ഈ പഴയ ലോകത്തിന്റെ അന്ത്യമാണ്. അത് അമരലോകമാണ്, അവിടെ കാലനുണ്ടാകില്ല. വന്ന് ഞങ്ങൾ എല്ലാവരേയും കൂടെ കൊണ്ടുപോകൂ എന്ന് ബാബയോട് പറയുന്നു. എങ്കിൽ കാലനായില്ലേ. സത്യയുഗത്തിൽ എത്ര ചെറിയ വൃക്ഷമാണ്! ഇപ്പോൾ വളരെ വലിയ വൃക്ഷമാണ്.

ബ്രഹ്മാവിന്റേയും വിഷ്ണുവിന്റേയും കർത്തവ്യം എന്താണ്? വിഷ്ണുവിനെ ദേവത എന്നാണ് പറയുന്നത്. ബ്രഹ്മാവിനാണെങ്കിൽ ഒരു ആഭരണവും ഇല്ല. അവിടെ ബ്രഹ്മാവുമില്ല, വിഷ്ണുവുമില്ല, ശങ്കരനുമില്ല. പ്രജാപിതാ ബ്രഹ്മാവ് ഇവിടെയാണ്. സൂക്ഷ്മവതനത്തിന്റെ സാക്ഷാത്ക്കാരം മാത്രമാണുണ്ടാകുന്നത്. സ്ഥൂലവതനം, സൂക്ഷ്മവതനം, മൂലവതനം എന്നിങ്ങനെയുണ്ടല്ലോ! സൂക്ഷ്മവതനത്തിൽ ചലനം മാത്രമാണുള്ളത്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഇത് ഗീതാ പാഠശാലയാണ്, ഇവിടെ നിങ്ങൾ രാജയോഗം പഠിക്കുകയാണ്. ശിവബാബ പഠിപ്പിക്കുന്നതിനാൽ തീർച്ചയായും ശിവബാബയുടെ ഓർമ്മവരുമല്ലോ. ശരി!

ആത്മീയ കുട്ടികൾക്ക്  ആത്മീയ ബാപ്ദാദയുടെ സ്നേഹ സ്മരണകളും ശുഭരാത്രിയും. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1. ദുഃഖത്തിന്റെ സമയത്ത് അപാരസുഖത്തിന്റെ ലോട്ടറി ലഭിച്ചിരിക്കുന്നു, ഒരു ബാബയോട് സത്യമായ പ്രീതി ഉണ്ടായിരിക്കുന്നു, അതിന്റെ സ്മരണയിൽ സദാ സന്തോഷമായിരിക്കണം.

2. ബാപ്ദാദയ്ക്കു സമാനം നിരാകാരിയും നിരഹങ്കാരിയുമായി മാറണം. ധൈര്യം വെച്ച് വികാരങ്ങളെ ജയിക്കണം. യോഗബലത്തിലൂടെ ചക്രവർത്തീ പദവി നേടണം.

## വരദാനം:-കർമ്മം ചെയ്തുകൊണ്ടും ശക്തിശാലി സ്ഥിതിയിൽ സ്ഥിതി ചെയ്ത് ആത്മീയ വ്യക്തിത്വത്തിന്റെ അനുഭവം ചെയ്യിപ്പിക്കുന്ന കർമ്മയോഗിയായി ഭവിക്കട്ടെ.

താങ്കൾ കുട്ടികൾ കേവലം കർമ്മം ചെയ്യുന്നവരല്ല, മറിച്ച് യോഗയുക്തരായി കർമ്മം ചെയ്യുന്ന കർമ്മയോഗികളാണ്. അതിനാൽ താങ്കൾ മുഖേന ഓരോരുത്തർക്കും ഈ അനുഭവം തോന്നും അതായത് ഇവരാണെങ്കിൽ കർമ്മം കൈകൊണ്ട് ചെയ്തുകൊണ്ടിരിക്കുന്നു, എന്നാൽ കർമ്മം ചെയ്തുകൊണ്ടും തങ്ങളുടെ ശക്തിശാലി സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നു. സാധാരണ രീതിയിൽ നടന്നുകൊണ്ടിരിക്കുന്നു, നിൽക്കുന്നുമുണ്ട്, എങ്കിലും ആത്മീയ വ്യക്തിത്വത്തെ ദൂരെ നിന്നുതന്നെ അനുഭവപ്പെടുന്നു. എങ്ങനെയാണോ ലോകത്തിലെ വ്യക്തിത്വം ആകർഷിക്കുന്നത്, അതേപോലെ താങ്കളുടെ ആത്മീയ വ്യക്തിത്വം, പവിത്രതയുടെ വ്യക്തിത്വം, ജ്ഞാനി-യോഗീ തൂ ആത്മാവിന്റെ വ്യക്തിത്വം സ്വതവേ ആകർഷിതരാക്കും.

## സ്ലോഗൻ: സത്യത്തിന്റെ പാതയിലൂടെ നടക്കുകയും സർവ്വർക്കും സത്യത്തിന്റെ മാർഗ്ഗം കാണിച്ചുകൊടുക്കുകയും ചെയ്യുന്നവരാണ് സത്യം സത്യമായ ലൈറ്റ് ഹൗസ്.